REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാൻമന്ത്രി ഗ്രാമീണ ആവാസ് യോജനയുടെ ജാർഖണ്ഡിലെ ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യ ഗഡു ഇന്ന് വിതരണം ചെയ്യും.**
- **CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ഭൗതിക ദേഹം വൈദ്യശാസ്ത്ര പഠനത്തിനായി ഡൽഹി എയിംസിന് വൈകിട്ട് വിട്ടു നൽകും.**
- **നാളെ തിരുവോണം. ഉത്രാട ദിനമായ ഇന്ന് തിരുവോണത്തെ വരവേൽക്കാൻ അവസാനവട്ട ഒരുക്കങ്ങളുമായി മലയാളികൾ.**
- **ഇന്ന് ഹിന്ദി ദിവസ്. രാജ്യത്തിന്റെ അഭിമാനവും പൈതൃകവുമായ എല്ലാ ഇന്ത്യൻ ഭാഷകളെയും സമ്പന്നമാക്കാതെ പുരോഗതി സാധ്യമല്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **ISL ഫുട്ബോളിൽ ഇന്ന് ഒഡീഷ FC ചെന്നൈയിൻ FC യേയും, ബംഗ്ലൂരു FC - ഈസ്റ്റ് ബംഗാളിനെയും നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി ഗ്രാമീണ ആവാസ് യോജനയുടെ ജാർഖണ്ഡിലെ ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യഗഡു ഇന്ന് വിതരണം ചെയ്യും. ജംഷഡ്പൂരിലെ ചടങ്ങിൽ 20,000 ത്തോളം പേർക്കാണ് പദ്ധതിയിലെ അനുമതിപത്രങ്ങൾ വിതരണം ചെയ്യുക.

പദ്ധതിയിൽ പൂർത്തീകരിച്ച 46,000 ത്തോളം വീടുകളുടെ ഗൃഹപ്രവേശ ചടങ്ങും ഇതോടൊപ്പം സംഘടിപ്പിക്കും. 'ആവാസ് പ്ലസ് 2024' ആപ്പും നരേന്ദ്രമോദി പ്രകാശനം ചെയ്യും.

ഗുജറാത്തിലെ ഗുണഭോക്താക്കൾക്ക് തിങ്കളാഴ്ചയും, മറ്റു സംസ്ഥാനങ്ങളിൽ പദ്ധതിയിലുൾപ്പെട്ടവർക്ക് ചൊവ്വാഴ്ചയും ധനസഹായം നൽകും. ആവാസ് യോജനയിൽ ഗുണഭോക്താക്കളാകുന്നവർക്ക് മറ്റു ക്ഷേമപദ്ധതികളായ തൊഴിലുറപ്പു പദ്ധതി, സ്വച്ഛ്ഭാരത് മിഷൻ, ജൽജീവൻ മിഷൻ, ഉജ്ജ്വല യോജന, സൂര്യാഘർ മുഫ്ത് ബിജിലി യോജന തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യങ്ങളും ലഭ്യമാക്കും.

✪✪✪

അന്തരിച്ച CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ ഭൗതിക ദേഹം വൈദ്യശാസ്ത്ര പഠനത്തിനായി ഡൽഹി എയിംസിന് വൈകിട്ട് വിട്ടു നൽകും. അന്ത്യോപചാര പരിപാടികൾക്ക് ശേഷം വിലാപയാത്രയായാണ് ഭൗതിക ശരീരം എയിംസിൽ എത്തിക്കുക. 11 മണിയോടെ പാർട്ടി ആസ്ഥാനമായ AKG ഭവനിൽ പൊതുദർശനത്തിന് വെച്ച ഭൗതിക ദേഹത്തിൽ പ്രമുഖരുൾപ്പെടെ ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു വരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സൺ സോണിയാ ഗാന്ധി, NCP അധ്യക്ഷൻ ശരത്പവാർ, കോൺഗ്രസ് നേതാവ് ജയറാം രമേശ്, DMK MP കനിമൊഴി, CPIM നേതാവ് പ്രകാശ് കാരാട്ട് എന്നിവരുൾപ്പെടെ പ്രമുഖർ യെച്ചൂരിയ്ക്ക് അന്തിമോപചാരമർപ്പിച്ചു. CPIM നേതാക്കളുടെയും പ്രവർത്തകരുടേയും ലാൽസലാം വിളികൾകൊണ്ട് മുഖരിതമായ അന്തരീക്ഷത്തിലാണ് പാർട്ടി ആസ്ഥാനത്തേക്ക് യെച്ചൂരി അന്തിമോപചാര മേറ്റുവാങ്ങാനെത്തിയത്. പ്രവർത്തകർ അദ്ദേഹത്തിന് റെഡ്സെല്യൂട്ട് നൽകി. മൂന്ന് മണിവരെയാണ് പൊതുദർശനം.

ഡൽഹി എയിംസിൽ വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണിക്കായിരുന്നു 72 കാരനായ യെച്ചൂരിയുടെ അന്ത്യം. ശ്വാസകോശ അണുബാധയെ തുടർന്ന് ചികിത്സയിലായിരുന്നു അദ്ദേഹം.

✪✪✪

നാളെ തിരുവോണം. മലയാളിയുടെ മനസ്സിൽ ഗൃഹാതുര സ്മരണകളുണർത്തി വന്നെത്തുന്ന ദേശീയോത്സവമായ തിരുവോണത്തെ വരവേൽക്കാൻ ലോകമെങ്ങും മലയാളികൾ ഒരുങ്ങി.

നീതിയുടെ, നന്മയുടെ, സമഭാവനയുടെ സമത്വ സുന്ദരമായ കാലത്തിന്റെ ഓർമയാണ് ഓരോ ഓണക്കാലവും. കള്ളവും ചതിയും പൊളി വചനവുമൊന്നുമില്ലാത്ത മാവേലി നാടിന്റെ മനോഹര സ്മരണയിൽ മുറ്റത്തെ

പൂക്കളങ്ങളിൽ നൂറ് പൂക്കൾ ഒരുമിച്ച് പുഞ്ചിരിക്കുന്ന കാലം. മാലോകരെല്ലാവരും ഒന്നു പോലെയെന്ന സുന്ദരസങ്കൽപത്തിന്റെ ഓർമ പുതുക്കൽ കൂടിയാണ് ഓരോ പൊന്നോണവും.

ഓണവിപണി അയൽ സംസ്ഥാനങ്ങൾ കയ്യേറിയെങ്കിലും ഉത്രാടപ്പാച്ചിലിനും സദ്യവട്ടങ്ങളൊരുക്കുന്നതിലും ഒരു മാറ്റവും വന്നിട്ടില്ല മലയാളിക്ക്. കേരളത്തെ നടുക്കിയ മഹാ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തവണ മലയാളി ഓണം ആഘോഷിക്കുന്നത്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പൂക്കള മത്സരം ഉൾപ്പെടെ ആഘോഷ ഇനങ്ങൾ പലതും ക്ലബുകളും സ്ഥാപനങ്ങളും വെട്ടിക്കുറച്ചിരുന്നെങ്കിലും കോളേജുകളിലും സ്കൂളുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഓണാഘോഷം സംഘടിപ്പിച്ചിരുന്നു.

✪✪✪

തിരുവോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങിക്കഴിഞ്ഞു. ഓണക്കോടി യെടുക്കാനും സദ്യവട്ടങ്ങൾക്ക് സാധനങ്ങൾ വാങ്ങാനുമായി അവസാന ഓട്ടത്തിലാണ് ഉത്രാട ദിനത്തിൽ മലയാളികൾ. ഈ നെട്ടോട്ടത്തെയാണ് ഉത്രാടപ്പാച്ചിലെന്ന് വിശേഷിപ്പിക്കുന്നത്.

✪✪✪

ഉത്രാടം ദിനത്തിൽ കണ്ണൂർ നഗരത്തിൽ ജനത്തിരക്ക് വർദ്ധിച്ചു.
ഗതാഗതക്കുരുക്കും രൂക്ഷം ആയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

....... വോയ്സ്.......

✪✪✪

ഇൻട്രോ- കാഴ്ചക്കുല സമർപ്പണം

ഗുരുവായൂർ ക്ഷേത്രത്തിൽ ഉത്രാട കാഴ്ചക്കുല സമർപ്പണം ആരംഭിച്ചു. രാവിലെ ശീവേലി കഴിഞ്ഞതോടെയാണ് ചടങ്ങ് ആരംഭിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്

......വോയ്സ്.........

✪✪✪

ശബരിമലയിൽ ഓണ പൂജകൾ പുലർച്ചെ ആരംഭിച്ചു. തുടർച്ചയായി ഒൻപത് ദിവസം ഭക്തർക്ക് ദർശനത്തിന് ഇത്തവണ അവസരമുണ്ടായിരിക്കും. ചടങ്ങുകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി പത്തിന് നടയടയ്ക്കും.

ഇന്നും നാളെയും മറ്റന്നാളും സന്നിധാനത്തെത്തുന്ന എല്ലാ ഭക്തർക്കും ഓണസദ്യ നൽകും.

✪✪✪

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കേരളീയർക്ക് ഓണാശംസ നേർന്നു.

ഓണത്തിന്റെ മഹിമ ആഘോഷത്തിന്റെ പകിട്ടിലല്ല, അത് നൽകുന്ന പ്രത്യാശയുടെ സന്ദേശത്തിലാണെന്ന് ഗവർണ്ണർ പറഞ്ഞു .ഐതിഹ്യത്തിലെ സമത്വസുന്ദര കാലത്തിന്റെ ഓർമ ഓണത്തിലൂടെ പുതുക്കുമ്പോൾ അത് അത്തരം ഒരു സമൂഹത്തെ സൃഷ്ടിക്കാൻ പ്രചോദനമാകുന്നു.

ജാതി - മത വ്യത്യാസങ്ങൾക്ക് അതീതമായ മാനസിക ഒരുമയുടെ ഉത്സവമായ ഓണത്തിന്റെ സ്നേഹ സന്ദേശം ലോകമെങ്ങും എത്തിക്കാൻ നമുക്ക് സാധിക്കട്ടെ എന്നും ഗവർണർ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഓണം അവധി പ്രമാണിച്ച് കുട്ടികൾ അടക്കം വിനോദ സഞ്ചാരികളുടെ തിരക്ക് വർധിക്കാൻ സാധ്യതയുണ്ടെന്നും ബോട്ട് സർവ്വീസ് നടത്തുന്നവർ മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണമെന്നും സംസ്ഥാന മാരിടൈം ബോർഡ് അധികൃതർ അറിയിച്ചു. സാധുവായ രജിസ്ട്രേഷനോ, സർവെ സർട്ടിഫിക്കറ്റോ, ഇൻഷുറൻസോ മറ്റ് നിയമാനുസൃത രേഖകളോ കൂടാതെ ബോട്ടുകൾ സർവ്വീസ് നടത്താൻ പാടില്ല. എല്ലാ സഞ്ചാരികളും നിയമം അനുശാസിക്കുന്ന ഗുണനിലവാരത്തോടുകൂടിയ ലൈഫ് ജാക്കറ്റുകൾ ധരിക്കുന്നുണ്ടെന്ന് ബോട്ട് ജീവനക്കാരും, ബോട്ട് ഉടമസ്ഥനും ഉറപ്പുവരുത്തണമെന്ന് ബേപ്പൂർ സീനിയർ പോർട്ട് കൺസർവേറ്റർ അറിയിച്ചു.

✪✪✪

പ്രധാനപ്പെട്ടനഗരങ്ങൾ സംസ്കാരങ്ങളോടും ആരാധനലയങ്ങളോടും ബന്ധപ്പെട്ട് കിടക്കുന്നുവെന്നും കാലത്തെ അതിജീവിച്ച് മാനവരാശിയുടെ മാന ബിന്ദുക്കളായി നിലക്കൊള്ളുന്നുവെന്നും ഗോവ ഗവർണർ PS ശ്രീധരൻ പിള്ള പറഞ്ഞു. കോഴിക്കോട് തളി മഹാക്ഷേത്രോത്സവത്തോട് അനുബന്ധിച്ച് വാഗർത്ഥ എന്ന പേരിൽ സുവനീർ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം .

✪✪✪

ഇന്ന് ഹിന്ദി ദിവസ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഹിന്ദി ദിന ആശംസ നേർന്നു. എല്ലാ ഇന്ത്യൻ ഭാഷകളും രാജ്യത്തിന്റെ അഭിമാനവും പൈതൃകവുമാണെന്നും അവയെ സമ്പന്നമാക്കാതെ പുരോഗതി സാധ്യമല്ലെന്നും സോഷ്യൽ മീഡിയ പോസ്റ്റിൽ അദ്ദേഹം പറഞ്ഞു. ഔദ്യോഗിക ഭാഷയായ ഹിന്ദിക്ക് എല്ലാ ഇന്ത്യൻ ഭാഷകളുമായും അഭേദ്യമായ ബന്ധമുണ്ടെന്ന് പറഞ്ഞ ഷാ, ഈ വർഷം ഹിന്ദി ഭാഷ രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായി 75 വർഷം പൂർത്തിയാക്കി എന്നും അറിയിച്ചു, എല്ലാ ഇന്ത്യൻ ഭാഷകളും ഉൾക്കൊള്ളുന്നതിലൂടെ, വികസിത ഇന്ത്യയുടെ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിന് ഹിന്ദി തുടർന്നും സംഭാവന ചെയ്യുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ജമ്മുകശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ രണ്ട് സൈനികർ വീരമൃത്യു വരിച്ചു. രണ്ട് സൈനികർക്ക് പരിക്കേറ്റു. പിങ്ഗനൽ ദുഗഡ്ഡ വനമേഖലയിൽ സൈനികർ നടത്തിയ തിരച്ചിലിനിടെ ഭീകരർ വെടിയുതിർക്കുകയായിരുന്നു. നാല് ഭീകരർ പ്രദേശത്ത് ഉണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരച്ചിൽ തുടരുകയാണ്.

✪✪✪

അതേസമയം, വടക്കൻ കശ്മീരിലെ ബാരാമുള്ള ജില്ലയിൽ പുലർച്ചെ നടന്ന ഏറ്റുമുട്ടലിൽ മൂന്ന് അജ്ഞാത ഭീകരർ കൊല്ലപ്പെട്ടു.

ക്രീരി മേഖലയിലെ ചക്-ഇ-താപ്പർ ഗ്രാമത്തിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ നടന്ന ഏറ്റുമുട്ടലിലാണ് ഭീകരർ കൊല്ലപ്പെട്ടതെന്ന് മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

കൊല്ലപ്പെട്ട ഭീകരരുടെ തിരിച്ചറിയൽ രേഖകൾ പരിശോധിച്ചുവരികയാണ്.

✪✪✪

ജമ്മു കശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പ്രചാരണം മറ്റന്നാൾ അവസാനിയ്ക്കും. 24 നിയമസഭാ മണ്ഡലങ്ങളിൽ ബുധനാഴ്ചയാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്.

മൂന്ന് ഘട്ടങ്ങളിലായാണ് കേന്ദ്രഭരണപ്രദേശത്ത് വോട്ടെടുപ്പ് നടക്കുന്നത്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 25നും മൂന്നാം ഘട്ടം ഒക്ടോബർ ഒന്നിനും നടക്കും.

ഹരിയാനയിൽ ഒറ്റഘട്ടമായി നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണവും ഊർജിതമായി. 90 അംഗ സംസ്ഥാന നിയമസഭയിലേക്കു വോട്ടെടുപ്പ് അടുത്ത മാസം അഞ്ചിന് ആണ്.

ഹരിയാന, ജമ്മു കശ്മീർ സംസ്ഥാനങ്ങളിലെ വോട്ടെണ്ണൽ അടുത്ത മാസം എട്ടിന് നടക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് ഭുവനേശ്വറിൽ ഒഡീഷ FC ചെന്നൈയിൻ FC യേയും രാത്രി 7.30 ന് ബംഗളുരുവിൽ ബംഗ്ലൂരു FC - ഈസ്റ്റ് ബംഗാളിനെയും നേരിടും.

ഇന്നലെ മോഹൻ ബഗാൻ, മുംബൈ സിറ്റി FC മത്സരം സമനിലയിൽ പിരിഞ്ഞു. കൊൽക്കത്തയിലെ ഉദ്ഘാടന മത്സരത്തിൽ ഇരു ടീമുകളും രണ്ടു ഗോളുകൾ നേടി.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് 2.30ന് കൊച്ചി ബ്ലൂ ടൈഗേഴ്സും ഫിനെസ് തൃശൂർ ടൈറ്റൻസും ഏറ്റുമുട്ടും, രണ്ടാം മത്സരത്തിൽ വൈകിട്ട് 6.45ന് ഏരീസ് കൊല്ലം സെയ്‌ലേഴ്സ് അദാനി ട്രിവാൻഡ്രം റോയൽസിനെ നേരിടും.

ഇന്നലത്തെ മത്സരങ്ങളിൽ തൃശൂർ ടൈറ്റൻസും, ഏരീസ് കൊല്ലം സെയ്‌ലേഴ്സും വിജയിച്ചു.

✪✪✪

ചൈനയിൽ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി പുരുഷ ടൂർണമെന്റിന്റെ അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ടൂർണമെന്റിൽ ഇതുവരെ കളിച്ച എല്ലാ മത്സരങ്ങളും ജയിച്ച ഇന്ത്യ സെമി ഫൈനൽ ഉറപ്പിച്ചിട്ടുണ്ട്. പാകിസ്ഥാനും സെമിയിൽ ബെർത്ത് ഉറപ്പിച്ച ശേഷമാണ് ഇന്നത്തെ മത്സരത്തിന് ഇറങ്ങുന്നത് .

✪✪✪

ഇന്ത്യയുടെ ജാവ്‌ലിൻ ത്രോ ചാമ്പ്യൻ നീരജ് ചോപ്ര ഡയമണ്ട് ലീഗ് ഫൈനലിൽ ഇന്ന് മത്സരിക്കും. ബ്രസ്സൽസിൽ രാത്രി 11.50ന് ആണ് മത്സരം

✪✪✪

മത്സ്യത്തൊഴിലാളികൾക്കു സാമ്പത്തിക താങ്ങൽ പദ്ധതി ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 7.5 കോടി രൂപ അനുവദിച്ച് ഉത്തരവായതായി

മന്ത്രി സജി ചെറിയാൻ അറിയിച്ചു. സംസ്ഥാനത്തെ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാനായി തൊഴിൽവകുപ്പ് ആവിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സഹായധനം വിതരണം ചെയ്യുക.

✪✪✪

കോഴിക്കോട് ഗർഭസ്ഥ ശിശുവിന് പിന്നാലെ അമ്മയും മരിച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. എകരൂൽ സ്വദേശി അശ്വതിയാണ് മരിച്ചത്.

✪✪✪

വാളയാർ ചെക്ക് പോസ്റ്റ് വഴി വരുന്ന പാൽ, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 24 മണിക്കൂർ സ്ക്വാഡ് പരിശോധന ഊർജ്ജിതമായി തുടരുന്നതായി ഭക്ഷ്യസുരക്ഷ വകുപ്പ് അസിസ്റ്റന്റ് കമ്മീഷണർ ഷണ്മുഖൻ അറിയിച്ചു. സ്റ്റാറ്റിയൂട്ടറി സാമ്പിളുകൾ, സർവലൈൻസ് സാമ്പിളുകൾ എന്നിവ ശേഖരിച്ച് എറണാകുളം അനലിറ്റിക്കൽ ലാബിലേക്ക് അയച്ചുവരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪